"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് നൽകിവരുന്ന പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയുടെ വിതരണം താൽക്കാലികമായി പുനഃക്രമീകരിക്കുന്നതിനും 'പാചക ചെലവ്' തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതിനുമായുള്ള നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (എം )വകുപ്പ്

സ.ഉ.(സാധാ) നം.5832/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 13/12/2021

---

പരാമർശം:-

1. 08-10- 2021 ലെ സ.ഉ( സാധാ)നമ്പർ 4485 /2021/ പൊ.വി.വ സർക്കാർ ഉത്തരവ്.
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22-10-2021 ലെ എൻ .എം .എ (1 )11038/2021/ഡി .ജി .ഇ നമ്പർ സർക്കുലർ.
3. സംസ്ഥാനത്തെ വിവിധ അധ്യാപക സംഘടനകളുടെയും സ്കൂൾ പ്രധാന അധ്യാപകരുടെയും നൂൺമീൽ കമ്മിറ്റികളുടെയും നിവേദനങ്ങൾ.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29- 11- 2021 ലെ എൻ .എം. എ(1) 13394/2021/ ഡി.ജി .ഇ നമ്പർ കത്ത്.

**ഉത്തരവ്**

2021 നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതി, സ്കൂളുകളുടെ സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് 'കോവിഡ് - 19' പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് നടപ്പിലാക്കേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകൾ തുറക്കുന്ന പ്രസ്തുത തീയതിയിൽതന്നെ ടി പദ്ധതി പുനഃരാരംഭിക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കുലർ പുറത്തിറക്കിയിരുന്നു. പ്രസ്തുത സർക്കുലറിൽ ഉച്ചഭക്ഷണ പദ്ധതിയിൽ പേര് ചേർത്തിട്ടുള്ള എല്ലാ കുട്ടികൾക്കും സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം മുട്ടയും, മുട്ട കഴിക്കാത്ത കുട്ടികൾക്ക് മുട്ടയുടെ വിലയ്ക്കുള്ള നേന്ത്രപ്പഴവും, ആഴ്ചയിൽ രണ്ടു ദിവസം 150 മില്ലി.ലിറ്റർ തിളപ്പിച്ചാറ്റിയ പാലും നൽകണമെന്ന നിലവിലുള്ള രീതിതന്നെ നിർദ്ദേശിച്ചിരുന്നു. എന്നാൽ പകുതി കുട്ടികൾ മാത്രം ദിവസവും സ്കൂളുകളിൽ ഹാജരാകുന്ന നിലവിലെ സാഹചര്യത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി സർക്കാർ നൽകിവരുന്ന പാചക ചെലവിനുള്ള തുക(150 കുട്ടികൾ വരെ -കുട്ടി ഒന്നിന് ദിവസം 8 രൂപ, 151 മുതൽ 500 വരെ -കുട്ടി ഒന്നിന് ദിവസം 7 രൂപ, 500 ന് മുകളിൽ -കുട്ടി ഒന്നിന് ദിവസം 6 രൂപ ) വിനിയോഗിച്ച് രണ്ട് മികച്ച കറികളോടുകൂടിയ ഉച്ചഭക്ഷണവും അതോടൊപ്പം സപ്ലിമെന്ററി ന്യൂട്രീഷ്യന്റെ ഭാഗമായുള്ള ടി ഭക്ഷ്യവസ്തുക്കളും നൽകുന്നത് പ്രായോഗികമല്ലായെന്നും ആയതിനാൽ ടി 'പാചക ചെലവ് ' തുക വർധിപ്പിക്കണമെന്നും സ്കൂളുകൾ പൂർണ്ണമായി പ്രവർത്തനം ആരംഭിക്കുന്നതുവരെ പാൽ, മുട്ട/നേന്ത്രപ്പഴം എന്നിവയുടെ വിതരണം നിർത്തിവെക്കണമെന്നും പരാമർശം 3 പ്രകാരം നിവേദകർ ആവശ്യപ്പെട്ടിട്ടുണ്ട്.

2. 'പാചക ചെലവ്' തുക വർദ്ധിപ്പിക്കുന്ന കാര്യവും, സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തിക്കുന്നതുവരെ

പാൽ, മുട്ട/ നേന്ത്രപ്പഴം എന്നിവയുടെ വിതരണരീതി പുന:ക്രമീകരിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണെന്ന് പരാമർശം 4 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട് .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉത്തരവാകുന്നു.

i) ബാച്ച് ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന അർഹരായ കുട്ടികൾക്ക് ഒരു ദിവസം പാൽ (150 മില്ലി ലിറ്റർ ) ഒരു ദിവസം മുട്ട /നേന്ത്രപ്പഴം (മുട്ട കഴിക്കാത്ത കുട്ടികൾക്ക് മുട്ടയുടെ വിലയ്ക്കുള്ള നേന്ത്രപ്പഴം) മാത്രം വിതരണം ചെയ്തുകൊണ്ട് സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതി താൽക്കാലികമായി പുന:ക്രമീകരിക്കേണ്ടതും സ്കൂളുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞാൽ ആഴ്ചയിൽ രണ്ടു ദിവസം പാൽ, ഒരു ദിവസം മുട്ട /നേന്ത്രപ്പഴം (മുട്ട കഴിക്കാത്ത കുട്ടികൾക്ക്) എന്ന നിലവിലുള്ള വിതരണ രീതി തന്നെ പുനഃരാരംഭിക്കേണ്ടതുമാണ് .

ii) ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ നിലവിൽ അനുവദിച്ചു വരുന്ന പാചക ചെലവിനുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2.ബന്ധപ്പെട്ട എല്ലാ സ്കൂൾ പ്രധാന അധ്യാപകർക്കും നൂൺമീൽ കമ്മിറ്റികൾക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3.ധനകാര്യ (വിദ്യാഭ്യാസ -എ) വകുപ്പ്.
4.ഭക്ഷ്യ പൊതു വിതരണ വകുപ്പ്.
5.വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6.അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം.
7.സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Namitha T
Date: 13-12-2021 13:55:57
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു .പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്
3. പൊതു വിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ യ്ക്ക്